തുടക്കം ഞാൻ പറയാം. ചീട്ടുകളിക്കാരെ പിടിക്കാനെന്ന പേരിൽ ടൗൺ എസ്. ഐ. പ്രദീപ്കുമാർ സംഭവസ്ഥലത്ത് വന്നു. അവിടെ മൽസ്യ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കടപ്പുറം ഏരിയാ ആണ്. ചീട്ടുകളി സംഘത്തിലുള്ള ചില ആളുകളും കടലിൽ ചാടി. നാല് ആളുകളും ചാടി, അതിൽ മൂന്നുപേർ ചീട്ടുകളി സംഘവുമായി ബന്ധപ്പെട്ടവരാണ്. ഒരു ചെറുപ്പക്കാരനും ചാടി. മൂന്നുപേരെ പ്രദീപ്കുമാർ കടലിൽ ചാടി നീന്തിപ്പിടിച്ചു കൊണ്ടുവന്നു. നാലാമത്തെയാളെ അകലെ നീന്തിപ്പോയതു കൊണ്ട് കിട്ടിയില്ല. അയാൾ ഒരുമണിക്കൂറിൽ അധികം, സമയം മരണവുമായി മല്ലിട്ടുകൊണ്ടുനിന്നു. നാട്ടുകാർ പോയി യന്ത്രം ഘടിപ്പിച്ച ബോട്ടിൽ അയാളെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. യന്ത്രവൽക്കൃത ബോട്ട് പിടിക്കാൻ അതിന്റെ പുറകെ പോയി, പക്ഷേ കിട്ടിയില്ല. നിരാശപ്പെട്ട് അദ്ദേഹം കരയിൽ വന്നു. മരിക്കുമെന്ന നിലയിൽ നിന്നാണ് നാട്ടുകാർ അയാളെ രക്ഷപ്പെടുത്തിയത്. അയാളെ കിട്ടാത്തതിൽ നിരാശപ്പെട്ട് അദ്ദേഹം നാട്ടുകാരുടെ മേൽ തട്ടിക്കയറി. നാട്ടുകാരുമായി ഉരസലുണ്ടായി. പോലീസ് ഫോഴ്സ് അവിടെയുണ്ടായിരുന്നത് പെരുതായതുകൊണ്ട് അയാൾ ടൗൺ പോലീസ്സ്റ്റേഷനിൽ നിന്ന് പോലീസുകാരെ കൊണ്ടുവന്ന് പാവപ്പെട്ട ആളുകളുടെ മേൽ മർദ്ദനങ്ങൾ നടത്തി. രാഷ്ട്രീയ ഭേദമില്ലാതെ, മുഴുവൻ ആളുകളും തിങ്ങിപ്പാർക്കുന്ന സ്ഥലത്തുള്ള ആളുകളെയെല്ലാം അടിച്ചു ശരിപ്പെടുത്തി. പത്തുപേരെ കസ്റ്റഡിയിലെടുത്തു. അവർ ഇനി ജീവിക്കുമോ എന്ന കാര്യം സംശയമാണ്. അവിടെ അതിഥിയായി വന്ന പുതിയപ്പായേയും, അബൂബക്കർ, എന്ന ആളിനേയും അയാളുടെ ഭാര്യയുടെ അമ്മയേയും നബീസ, സഫിയ എന്നിവരുൾപ്പടെ നാല പേരെ ബീച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഞായറും തിങ്കളും അവിടെ വൻപിച്ച രീതിയിൽ നരനായാട്ട് നടത്തി. അതിനെ സംബന്ധിച്ച് ശക്തമായ നടപടികളെടുത്ത് അവിടെ സമാധാനം ഉണ്ടാക്കണമെന്ന് എസ്.ഐ. യോട് ആവശ്യപ്പെടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കടൽപ്പുറത്ത് രാത്രികാലങ്ങളിൽ ചൂതുകളിക്കുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. വിവരം കിട്ടിയ ഉടനെ എസ്. ഐ. യും പാർട്ടിയും അവിടെ ചെന്നു. പോലീസിനെ കണ്ടപ്പോൾ പതിവുപോലെ അവർ ഓടി. ഏഴ് ആളുകളോ മറ്റോ ആണ് കടലിൽ ചാടിയത്. അവർ സ്നേഹിതൻമാരുടെ ബോട്ടുകളിൽ രക്ഷപ്പെട്ടു. ബാക്കിയുള്ള പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തത് അവരുടെ പേരിൽ കേസെടുത്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതിയിൽ ഹാജരാക്കിയപ്പോഴും അവരെ യാതൊന്നും ചെയ്തതായി പരാതി പറഞ്ഞില്ല. അവരെ പരിശോധിച്ചു. മൂന്നു സ്ത്രീകളും അവരുടെ റിലേറ്റീവ്സാണ്. ഞങ്ങളെ പിടിച്ചുകൊണ്ടുപോയി എന്നു പറഞ്ഞ് അവരും ഹോസ്പിറ്റലിലാണ്. ഒരു പോറൽ പോലും അവർക്ക് പറ്റിയില്ലായെന്നു പറഞ്ഞ് റെക്കാർഡ് ഉണ്ട്. ഏതായാലും ഇതുസംബന്ധിച്ച് കേസെടുത്തു കോടതിയിൽ ഹാജരാക്കി. കോടതിയിൽ അവർ പരാതി പറഞ്ഞിട്ടില്ല. എന്തെങ്കിലും തരത്തിൽ പരാതിയുണ്ടായിരുന്നുവെങ്കിൽ കോടതിയിൽ പറയാമായിരുന്നു. എന്തായാലും കൂടുതലായിട്ട് അന്വേഷിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാം.

4. മാട്ടറ-കാലാങ്കി ഹിൽറോഡിന്റെ പണി

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാട്ടറ—കാലാങ്കി റോഡിംഗിന്റെ ടാറിംഗ് ഉൾപ്പെടെയുള്ള പണി ചെയ്യാൻ 18.73 ലക്ഷം രൂപയ്ക്ക് 30-12-1985-ൽ ഗവൺമെന്റിൽ നിന്നും ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകി. നേരത്തെ 13 ലക്ഷം രൂപയോളം ചെലവാക്കി റോഡിന്റെ മെറ്റലിംഗ് ഉൾപ്പടെയുള്ള പണി പൂർത്തിയായതാണ്. അഞ്ചുലക്ഷം രൂപ കൂടി ചെലവാക്കിയാൽ റോഡിന്റെ ടാറിംഗും ഒരു കലുങ്കിന്റെ പണിയും പൂർത്തിയാക്കാൻ സാധിക്കും. ആ റോഡ് ടാർ ചെയ്യാത്തതുകൊണ്ട് ഇപ്പോഴും ഗതാഗതയോഗ്യമല്ല. ജീപ്പിന് പോലും അതുവഴി പോകാൻ സാധിക്കുകയില്ല. സാമ്പത്തിക പരാധീനതയെപ്പറ്റി മന്ത്രി പറയും ആനയെ വാങ്ങിക്കാം തോട്ടി വാങ്ങാൻ നിവൃത്തിയില്ല എന്നു പറയുന്നതുപോലെയാണ് അഞ്ചു ലക്ഷം രൂപകൂടി ചെലവാക്കിയാൽ റോഡിന്റെ പണി ബാക്കി നടത്താൻ സാധിക്കും. അതു ചെയ്യുകയില്ല, ആ റോഡ് ഫലപ്രദമാകുകയുമില്ല. ഓരോ നിയോജകമണ്ഡലത്തിലും രണ്ട് റോഡ് മാത്രം എന്ന സമീപനം മാറ്റി ദയവായി മലബാറിൽ പൊതുവേയും മലയോര മേഖലക്ക് പ്രത്യേകിച്ചും പരിഗണന കൊടുക്കാനും ഹിൽറോഡുകളിൽ ബാക്കിയുള്ളതിന്റെ പണി എത്രയും വേഗം ആരംഭിക്കാനും മന്ത്രി ശ്രദ്ധിക്കണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, 1981-ൽ 9.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതി നൽകിയതാണ്. അതിൽ മെറ്റലിംഗ് മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് ടാറിംഗ് ഉൾപ്പടെ 18.73 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് രേണാനുമതി നൽകി. കുറേ വർക്ക് നടന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല, അതുകൊണ്ട് ബാക്കി പ്രവർത്തനത്തിനുള്ള അനുമതി ചീഫ് എൻജിനീയർ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

5. വടകര റെയിൽവേ ഗേറ്റിനു സമീപം ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വടകരക്ക് വേണ്ടതായിട്ടുള്ള രണ്ട് ഓവർബ്രിഡ്ജുകളുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാഷണൽ ഹൈവേ 17-ന്റെ വടകര ബൈപാസ്സിന്റെ വടക്കുഭാഗം ചോറോട് റെയിൽവേ ഗേറ്റിന് അടിയന്തിരമായി ഒരു ഓവർബ്രിഡ്ജ് ആവശ്യമാണ്. അരമണിക്കൂർ കൂടുമ്പോൾ വണ്ടികൾ പോകും, ട്രെയിനുകൾ പോകും. വളരെയധികം വാഹനങ്ങൾ ആ ഭാഗത്തു തിങ്ങുന്നുണ്ട്; അതുകൊണ്ട് 17-ാം നമ്പർ നാഷണൽ ഹൈവേയിൽ ബ്ലോക്ക് വരുന്നു. ആ നിലയിൽ 17-ാം നമ്പർ നാഷണൽ ഹൈവേയുടെ ഗതാഗതത്തിനും വടകരയിലെ ട്രാഫിക്ക് ബ്ലോക്ക് ഇല്ലാതാക്കാനും സംസ്ഥാന അടിസ്ഥാനത്തിലെ ആവശ്യമെന്നുള്ള നിലയിലും വടകരയുടെ ആവശ്യം എന്ന നിലയിലും ഒരു ഓവർബ്രിഡ്ജ് അത്യാവശ്യമാണ്. അലൈൻമെന്റ് തീരുമാനിച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് സെൻട്രൽ ഗവൺമെന്റിനു കൊടുത്തിട്ട് കേന്ദ്രത്തിന്റെ പെർമിഷൻ കിട്ടിയോ എന്നറിയില്ല. അത് കൊടുത്തിട്ട് മൂന്നുനാല് കൊല്ലം കഴിഞ്ഞിരിക്കുകയാണ്.

മറ്റൊരു കാര്യം–വടകര മുനിസിപ്പൽ ടൗണിന്റെ മദ്ധ്യഭാഗത്ത്, ടൗണിലെ ബസാറിനേയും താഴേങ്ങാടിയിലെ ബസാറിനേയും ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു ഓവർബ്രിഡ്ജ് അത്യാവശ്യമാണ്.. താഴേങ്ങാടിക്കാർക്ക് ഇന്ന് ടൗണിലേക്ക് വരാൻ ബുദ്ധിമുട്ടാണ്. ആശുപത്രിയിലേക്ക് പോകാൻ സാധിക്കുന്നില്ല. അതിനുവേണ്ടി 5-12-1985-ൽ മുനിസിപ്പൽകൗൺസിൽ 75 ശതമാനം ചെലവ് വഹിക്കാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. 24-6-1986-ൽ റെഫറൻസ് നമ്പർ 6990 ആയി വടകര മുനിസിപ്പാലിറ്റി, മുനിസിപ്പാലിറ്റീസ് ഡയറക്ടറെ ഈ തീരുമാനം അറിയിച്ചിട്ടുണ്ട്. ചോറോഡ്

LIBRARY ARCHIVES Kerala Legislative Assembly